# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1219. 

06-03-2018 ൽ മറുപടിയ്ക്ക്

## സമഗ്രകാർഷികപദ്ധതി മുഖേന ഉണ്ടായ പുരോഗതി

**ചോദ്യം**
ശ്രീ.റോഷി അഗസ്റ്റിൻ
,, പി.ജെ.ജോസഫ്
,, മോൻസ് ജോസഫ്
ഡോ.എൻ. ജയരാജ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ വർഷം എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി അധികമായി നടത്തി എന്ന് വ്യക്തമാക്കാമോ; | (എ) | 2016-17 വർഷം 15,000 ഏക്കർ (6,000 ഹെക്ടർ) സ്ഥലത്ത് പുതിയതായി നെൽകൃഷി നടത്തിയിട്ടുണ്ട്. തരിശുനിലകൃഷി,കരനെൽകൃഷി എന്നീ പദ്ധതികളിലൂടെയാണ് പുതുതായി കൃഷി ചെയ്തത്. |
| (ബി) | വരൾച്ച കാരണം കഴിഞ്ഞ വർഷം എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്താനായില്ലെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ച കാരണം കഴിഞ്ഞ വർഷം വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയ്ക്ക് കൃഷി നാശം സംഭവിച്ചു. ഇതിനു പുറമേ തിരുവനന്തപുരം ജില്ലയിൽ 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടി തന്നെ ഉണങ്ങിപ്പോയിരുന്നു. രൂക്ഷമായ വരൾച്ച കാരണം പാലക്കാട് ജില്ലയിൽ രണ്ടാം വിള കാലത്ത് ജില്ലാ വിള നിർണ്ണയ സമിതി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും കർഷകരെ ബോധവൽക്കരിക്കുകയും ചെയ്തതിൻ പ്രകാരം 13990 ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കിയില്ല. |
| (സി) | സമഗ്രകാർഷികപദ്ധതി മുഖേന കഴിഞ്ഞ വർഷം ഉണ്ടായ പുരോഗതി എന്തെന്ന് വിശദമാക്കാമോ; | (സി) | വരൾച്ച കാരണം കഴിഞ്ഞ വർഷം 50917.62 ഹെക്ടർ സ്ഥലത്തെ കൃഷി നഷ്ടപ്പെട്ടുകയോ കൃഷി ചെയ്യാൻ സാധിക്കാതെ വരികയോ ചെയ്തു. എന്നാൽ തരിശുനില കൃഷി നടപ്പിലാക്കിയതിലൂടെ 3,000 ഹെക്ടർ സ്ഥലവും കരനെൽകൃഷിയിലൂടെ 3,000 ഹെക്ടർ |

| | | | |
|---|---|---|---|
| | | | സ്ഥലവും അധികമായി കൃഷിയോഗ്യമാക്കിയിരുന്നു.<br>പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് മുന്നോട്ടുവച്ച സമഗ്രമായ പദ്ധതിയാണ് പച്ചക്കറി വികസന പദ്ധതി. വിദ്യാർത്ഥികൾ, വീട്ടമ്മമാർ, വിദ്യാലയങ്ങൾ, സ്ഥാപനങ്ങൾ, വാണിജ്യ കർഷകർ തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരെ പച്ചക്കറി കൃഷിയിലേക്ക് കൊണ്ട് വന്ന് പച്ചക്കറി ആവശ്യകതയുടെ 100 ശതമാനവും ലഭ്യമാക്കുക എന്നതും അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള വിഷലിപ്തമായ പച്ചക്കറിയുടെ വരവിനെ പരമാവധി കുറയ്ക്കുക എന്നതുമായിരുന്നു പദ്ധതിയുടെ ലക്ഷ്യം. 2016-17-ൽ സംസ്ഥാനത്ത് ആകെ 52830 ഹെക്ടർ പച്ചക്കറി കൃഷി നടത്തുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉത്പാദിപ്പിക്കുകയും ചെയ്തു.<br>2017-18 സാമ്പത്തിക വർഷം ഒന്നാം വിളയുടെയും രണ്ടാം വിളയുടെയും വിളവെടുപ്പ് കഴിഞ്ഞിട്ടുണ്ട്. ആയതുപ്രകാരം 52102 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ നിന്നും 6.3 ലക്ഷം മെട്രിക് ടണ്ണോളം പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. മൂന്നാംവിള കൃഷി നടന്നു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം പച്ചക്കറി കൃഷിയിൽ പുരോഗതി സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം പച്ചക്കറി കൃഷിയിൽ പുരോഗതി സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ